**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5148** **21-03-2025 - ൽ മറുപടിയ്ക്ക്**

**കാർഷിക കൂട്ടായ്മകൾ രൂപീകരിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ വി ശശി,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കാർഷിക മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് സമൂഹത്തിലെ എല്ലാ വിഭാഗത്തിലുള്ളവരെയും കാർഷിക മേഖലയിലേക്ക് ആകർഷിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സമൂഹത്തിൽ കൃഷിയുടെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നതിനും എല്ലാ വിഭാഗങ്ങളെയും കൃഷിയിലേക്ക് ആകർഷിക്കുന്നതിനുമായി സർക്കാർ പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 'ഞങ്ങളും കൃഷിയിലേക്ക്' എന്ന ജനകീയ ക്യാമ്പയിൻ ഇതിന്റെ ഭാഗമായി രൂപീകരിച്ചിട്ടുള്ളതാണ്. സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളിലും കൃഷി പ്രോത്സാഹിപ്പിക്കുക, എല്ലാ വിഭാഗത്തിലുള്ളവരെയും കാർഷിക മേഖലയിലേക്ക് ആകർഷിക്കുക, പോഷക സമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണവും ഉറപ്പാക്കുക, പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത നേടുക, കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയുള്ള വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു.<br><br>**1."ഞങ്ങളും കൃഷിയിലേക്ക്"**<br><br>കേരളത്തിലെ എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം ഉണർത്തുക, സംസ്ഥാനത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിലെത്തിക്കുക എന്നതാണ് ഈ ക്യാമ്പയിന്റെ പ്രധാന ലക്ഷ്യം. ഈ പദ്ധതിയിലൂടെ സമയബന്ധിതമായി ലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ ശ്രമിക്കുന്നു.<br><br>**പ്രധാന നടപടികൾ**<br><br>സുരക്ഷിത പച്ചക്കറി ഉൽപാദനത്തിനായി സങ്കരയിനം വിത്തുകളും തൈകളും സൗജന്യമായി വിതരണം ചെയ്യുന്നു.<br><br>നഗരപ്രദേശങ്ങളിൽ സ്ഥലപരിമിതി മൂലം കൃഷി ചെയ്യാൻ സാധിക്കാത്തവർക്ക്ചെടിച്ചട്ടികളിലുള്ള |

പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നു.

പോഷക സമൃദ്ധി മിഷന്റെ ഭാഗമായി പോഷകത്തോട്ടങ്ങൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നു.

വീട്ടുവളപ്പുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിത്തുകൾ, തൈകൾ, കീടനാശിനികൾ എന്നിവ സബ്സിഡിയിൽ നൽകുന്നു.

**2. ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതികൾ**

കേരളത്തിലെ ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തരം നിരവധി കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നു. ഇതിൽ പ്രധാനമായി:

പഴവർഗ്ഗങ്ങളുടെയും പച്ചക്കറിവിളകളുടെയും കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് ധനസഹായം നൽകുന്നു.

ദീർഘകാല ഫലവർഗ്ഗ വിളകളുടെ കൃഷി തോട്ടങ്ങൾ തയ്യാറാക്കുന്നതിന് 50% സബ്സിഡി നൽകുന്നു.

നഗരങ്ങളിലും നഗരപ്രാന്ത പ്രദേശങ്ങളിലും കാർഷിക സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിനായി അർക്ക വെർട്ടിക്കൽ ഗാർഡൻ പദ്ധതി നടപ്പിലാക്കുന്നു.

വീട്ടുവളപ്പുകളിൽ പോഷകത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ധനസഹായം

**3.കൃഷി സമൃദ്ധി**

പ്രാദേശിക സാമ്പത്തിക വികസനത്തിൽ കാർഷിക മേഖലയെ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനായി "കൃഷി സമൃദ്ധി" ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കൃഷി വകുപ്പിന്റെയും നേതൃത്വത്തിൽ, ഘട്ടംഘട്ടമായി കേരളത്തിലെ മുഴുവൻ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും കൃഷി സമൃദ്ധി നടപ്പിലാക്കും.

**ലക്ഷ്യങ്ങൾ:**

കാർഷിക സാക്ഷരത യജ്ഞം.

കൃഷിക്ക് അനുയോജ്യമായ മുഴുവൻ പ്രദേശവും കൃഷി ചെയ്യുക.

പച്ചക്കറി അടക്കം സാധ്യമായ എല്ലാ ഭക്ഷ്യ വിളകളുടെയും ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക.

പുതിയ കാർഷിക വികസനത്തിന്പ്രോത്സാഹനം നൽകുക.

ഉന്നത മൂല്യമുള്ള വിളകളുടെ കൃഷി വ്യാപിപ്പിക്കുക മൂല്യ വർദ്ധിത കൃഷി പ്രോത്സാഹിപ്പിക്കുക.

NAWODHAN സ്കീം മുഖാന്തരം പരമാവധി ആനുകൂല്യങ്ങളും വികസനവും സാധ്യമാക്കുക.

സഹകാരി SLA കരാറുകൾ മുഖാന്തരം പരമാവധി തരിശുഭൂമി ഇതിന് ഉപയോഗപ്പെടുത്തുക.

കർഷകരുടെ വരുമാനം ഇരട്ടിയാക്കുക കൃഷിയിലൂടെ സ്ഥായിയായ സാമ്പത്തിക ഉന്നമനം പ്രാദേശിക തല മുതൽ നേടിയെടുക്കുക.

യുവതയെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുക. ഒരു വാർഡിൽ നിന്നും 5 പുതിയ കർഷകരെ വീതം കണ്ടെത്തി പ്രതിവർഷം ഒരു ലക്ഷം യുവകർഷകരെ സൃഷ്ടിക്കുക.

കാർഷിക സംരംഭകത്വം പ്രോത്സാഹിപ്പിക്കുക

നവീന കാർഷിക രീതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുക ഡിജിറ്റൽ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുക

സുരക്ഷിതവും പോഷക സമൃദ്ധവുമായ ഭക്ഷ്യോൽപാദനം പോഷക സമൃദ്ധിയും മിഷൻ ജൈവ കാർഷിക മിഷൻ എന്നിവയോ സംയോജിപ്പിച്ച് നടപ്പിലാക്കുക. കേരള ഗ്രോ ഗ്രീൻ/ ഓർഗാനിക് ബ്രാൻഡ് ഇവയെ പൊതു ഇടങ്ങളിൽ ആവശ്യാനുസരണം ലഭ്യമാക്കുക.

കാർഷിക മേഖലയിൽ സാധ്യമായ എല്ലാ പ്രവർത്തനങ്ങളിലും യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുക.

പ്രകൃതിവിഭവ പരിപാലനത്തോടെ കാലാവസ്ഥാ വ്യതിയാനത്തിന്റെ അനന്തര ഫലങ്ങളെ ലഘൂകരിക്കുക.

കാർഷിക കയറ്റുമതി പ്രത്സാഹിപ്പിക്കുക.

പ്രാദേശിക വിപണന കേന്ദ്രങ്ങൾ ശാക്തീകരിച്ചും പുതിയ കേന്ദ്രങ്ങൾസ്ഥാപിച്ചും വിപണികളെ തമ്മിൽ ബന്ധിപ്പിച്ച ലോജിസ്റ്റിക് മാനേജ്മെന്റ് നടപ്പിലാക്കിയും വിപണന മേഖല ശക്തമാക്കുക.

കാർഷികമേഖലയിൽ ഊന്നിയ പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുക.

| | | | |
|---|---|---|---|
| | | | കാർഷിക മേഖലയിൽപുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക.<br><br>മാതൃക കൃഷിയിടങ്ങൾ സൃഷ്ടിച്ച് കൃഷി അധിഷ്ഠിത വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുക. **4. സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞം**<br><br>പച്ചക്കറിയുടെ ഉൽപാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി "സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞം" ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ അടുത്ത 5 വർഷത്തിനുള്ളിൽ പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് ലക്ഷ്യമിടുന്നു.<br><br>**5. കയറ്റുമതി ലക്ഷ്യമാക്കി മൂല്യ വർദ്ധിത കൃഷി**<br><br>കയറ്റുമതി ലക്ഷ്യമാക്കി ഒരു ലക്ഷം ഹെക്ടറിൽ മൂല്യ വർദ്ധിത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി കേരള അഗ്രോ ബിസിനസ് കമ്പനി (KABCO) പിന്തുണനൽകും.<br><br>**6. നവോ-ധൻ പദ്ധതി**<br><br>വാണിജ്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നവോ-ധൻ പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതിയിലൂടെ ഒരു ലക്ഷം ഹെക്ടറിൽ പുതുതായി കൃഷി ചെയ്യുന്നതിന് ലക്ഷ്യമിടുന്നു. |
| (ബി) | കാർഷിക മേഖലയിലെ ഉത്പാദന വിപണന സംവിധാനം മെച്ചപ്പെടുത്തുന്നതിനായി കാർഷിക കൂട്ടായ്മകൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | കേരളത്തിലെ എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം ഉണർത്തുക കേരളത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച "ഞങ്ങളും കൃഷിയിലേക്ക്" ജനകീയ ക്യാമ്പയിന്റെ ഭാഗമായി ഉല്പാദന സേവന - വിപണന - മൂല്യവർദ്ധന മേഖലകളിൽ പ്രവർത്തിക്കുന്നവരെ ഉൾപ്പെടുത്തി പ്രത്യേക കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്.<br><br>പ്രാദേശിക സാമ്പത്തിക വികസനത്തിൽ കാർഷിക മേഖലയുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി കർഷകരുടെ ഒരു സ്വയം നിയന്ത്രിത സംഘടനയായാണ് (Farmers Interest Group) 'കൃഷിക്കൂട്ടം' രൂപീകരിക്കുന്നത്. ജനകീയ പങ്കാളിത്തത്തോടെ കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഇപ്രകാരംകേരളത്തിൽ ഇത് വരെ 23568 കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഈ കൃഷിക്കൂട്ടങ്ങളെ പുനസംഘടിപ്പിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഫെഡറേറ്റ് ചെയ്യുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതിലൂടെ |

| | | | |
|---|---|---|---|
| | | | കൃഷിക്കൂട്ടങ്ങൾക്ക് വായ്പ ലഭ്യമാക്കാനും പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ തലത്തിൽ മോണിറ്റർ ചെയ്യുന്നതിനും സഹായകമാകും. |
| (സി) | കാർഷികോല്പന്നങ്ങളുടെ വിപണന ശൃംഖല ശക്തമാക്കുന്നതിന് കാർഷിക കൂട്ടായ്മകളുടെ പ്രവർത്തനം എത്രത്തോളം സഹായകമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | കേരളത്തിൽ കൃഷിഭൂമിയുടെ ശരാശരി വിസ്തൃതി കുറഞ്ഞുവരുന്ന സാഹചര്യത്തിൽ കർഷകർക്ക് വലിയ അളവിൽ കാഷികോല്പന്നങ്ങൾ വിപണനത്തിന് ലഭ്യമാക്കുന്നതിൽ പരിമിതികൾ ഉണ്ടാകുന്നു. ഈ പരിമിതി മറികടക്കുന്നതിനാണ് കാർഷികോല്പന്നങ്ങൾ സംഭരിക്കുന്നതിനും വിപണിയിൽ ഫലപ്രദമായി ഇടപെടുന്നതിനും ജനകീയ സംവിധാനം എന്ന നിലയിൽ കാർഷിക കൂട്ടായ്മകൾ പ്രോത്സാഹിപ്പിക്കുന്നത്. ഇത് വിപണന രംഗത്തെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കർഷകർക്ക് കൂടുതൽ മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും സഹായിക്കും. കാർഷികോല്പന്നങ്ങളുടെ മൂല്യ വർദ്ധനവിലൂടെയും വൈവിദ്ധ്യവത്കരണത്തിലൂടെയും മത്സരശേഷിയും ഉയർന്ന വിലയും ലഭ്യമാക്കാൻ സാധിക്കും. ഈ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് കൃഷിക്കൂട്ടങ്ങളുടെ രൂപീകരണം ഏറെ സഹായിക്കും എന്നു കണ്ടുകൊണ്ടാണ് കൃഷി സമൃദ്ധി പദ്ധതിയിൽ വിപണന മൂല്യവർദ്ധന മേഖലകളിൽ കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുന്നത്. |
| (ഡി) | സംസ്ഥാനത്തെ കർഷകർക്കുള്ള എല്ലാ പദ്ധതികളും സാമ്പത്തിക സഹായങ്ങളും പൂർണ്ണമായി വിനിയോഗിക്കുന്നതിനും ഫലപ്രദമാക്കുന്നതിനും കാർഷിക കൂട്ടായ്മയിലൂടെ സാധ്യമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉണ്ട്, കാർഷിക കൂട്ടായ്മകൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും അതുവഴി വിവിധ പദ്ധതികളുടെ നിർവ്വഹണത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സാധിക്കും. ഞങ്ങളും കൃഷിയിലേക്ക് എന്ന ജനകീയ ക്യാമ്പയിന്റെ തുടർച്ചയായി ആരംഭിച്ച കൃഷി സമൃദ്ധിയിൽ കൃഷിക്കൂട്ടങ്ങൾക്ക് പ്രാധാന്യം നൽകുന്നു. കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിന് സാദ്ധ്യമായ വിളകളുടെ വിസ്തൃതി വർദ്ധിപ്പിക്കുകയും നിലവിലുള്ള വിളകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും വേണം. നിലവിൽ തരിശായിക്കിടക്കുന്ന പരമാവധി ഭൂമിയിൽ കൃഷി ആരംഭിക്കാൻ കഴിയണം. ആധുനിക സങ്കേതങ്ങൾ പ്രയോജനപ്പെടുത്തിയും യന്ത്രവത്കരണത്തിലൂടെയും കൃഷിച്ചെലവ് കുറയ്ക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും കഴിയും. കർഷകർക്ക് വിവിധ സേവനങ്ങൾ നൽകുന്നതിനും വിപണനത്തിനും മൂല്യവർദ്ധനവിലും കൂടുതൽ ഫലപ്രദമായി ഇടപെടുന്ന സംവിധാനം രൂപപ്പെടുത്തണം. ഈ ലക്ഷ്യങ്ങളോടെയാണ് കൃഷി സമൃദ്ധിയിൽ കർഷക കൂട്ടായ്മകൾ രൂപീകരിക്കുന്നതിനും അവയെ ഫലപ്രദമായി ഏകോപിപ്പിക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | തദ്ദേശസ്വയംഭരണതലത്തിൽ ഫെഡറേറ്റ് ചെയ്യുന്നതിനും തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ